റോഡുകളുടെ വികസനത്തിനും പുന നിർമ്മാണത്തിനുമായി ലോക ബാങ്കിന്റെ സഹായം

446 [483] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ റോഡുകളുടെ വികസനത്തിനും പുന നിർമ്മാണത്തിനുമായി ലോക ബാങ്കിന്റെ സഹായം പ്രതീക്ഷിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തെപ്പറ്റി വിശദീകരിക്കുമോ;

(സി) ഈ സഹായം ഏതുവിധത്തിൽ വിലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ചെറുകിട ഇടത്തരം പട്ടണങ്ങളുടെ വികസനത്തിനുള്ള സ്കീമിൽ സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്;

(ഇ) ഈ പദ്ധതിയിൽ തൃശ്ശൂർ പട്ടണത്തെ ഉൾപ്പെടുത്താതിരിക്കാനുള്ള കാരണമെന്താണ്?

ഉത്തരം

(എ) ഉണ്ട്

(ബി, സി) ലോകബാങ്ക്, ഹഡ്കോയും സംസ്ഥാന ഗവൺമെന്റും ചേർന്ന് തിരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ അധിവാസ യോഗ്യവും ബിസിനസ് ആവശ്യങ്ങൾക്ക് ഉപയോഗ്യവുമായ പ്ലോട്ടുകൾ ഗതാഗതം, ഡ്രെയിനേജ്, സാനിറേറി ചുറ്റുപാടുകൾ, കുടിനീർ മുതലായ സൗകര്യങ്ങളോടുകൂടി വിതരണം ചെയ്യുകയും ധാരാളം കുടുംബങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ ചേരി നിർമ്മാർജ്ജനം നടത്തുകയും ചെയ്യുന്നതിനുവേണ്ട ഒരു ബൃഹത്തായ പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചതിനു ശേഷം വിശദവിവരങ്ങൾ തീരുമാനിക്കുന്നതാണ്.

(ഡി) കോട്ടയം, ഗുരുവായൂർ, തലശ്ശേരി, തൃശ്ശൂർ, കായംകുളം, തിരൂർ, ചങ്ങനാശ്ശേരി, മലപ്പുറം, വടകര, തൊടുപുഴ, മഞ്ചേരി എന്നീ പ്രദേശങ്ങൾ ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഉൾപ്പെടുത്തിയിട്ടുണ്ട്.

മുനിസിപ്പാലിറ്റികൾ

447 [484] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗൺസിലുകൾ നിലവിലില്ലാത്ത മുനിസിപ്പാലിറ്റികൾ സംസ്ഥാനത്ത് എത്രയുണ്ട്;

(ബി) തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി വാർഡ് വിഭജനം പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് വാർഡ് വിഭജനം പൂർത്തിയാവും എന്നു പറയാമോ;

(ഡി) 25-5-1987-നു മുൻപ് മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly